**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1862** **31-08-2022 - ൽ മറുപടിയ്ക്ക്**

**ജി.വി. രാജ സ്പോർട്സ് സ്കൂൾ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര മണ്ഡലത്തിലെ വിവിധ സ്കൂളുകളുടെ കായികനിലവാരം മെച്ചപ്പെടുത്തുന്നതിനും ട്രൈബൽ മേഖലകളിലുള്ള വിദ്യാർത്ഥികൾക്ക് കൂടുതൽ മെച്ചമായ രീതിയിൽ കായികപരിശീലനം ലഭ്യമാക്കുന്നതിനും സ്വീകരിച്ചുവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | **അരുവിക്കര മണ്ഡലത്തിലെ ഗവൺമെന്റ് ജി.വി.രാജ സ്പോർട്സ് സ്കൂളിന്റെ സമഗ്ര പുരോഗതിക്ക് ആവശ്യമായ നയങ്ങൾ, പദ്ധതികൾ എന്നിവ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. അത്‌ലറ്റിക്സ്, ക്രിക്കറ്റ്, ബാസ്കറ്റ് ബോൾ, തായ്ക്കോണ്ട എന്നീ ഇനങ്ങളിൽ സ്കൂളിലെ ആറാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള 413 കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു.**<br><br>**ഗ്രാസ് റൂട്ട് ജൂഡോ പരിശീലന പദ്ധതിയായ ജൂഡോക്ക നടപ്പിലാക്കുന്നതിന് അരുവിക്കര മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ് അരുവിക്കര സ്കൂളിനെ തെരഞ്ഞെടുത്തിട്ടുണ്ട്. ട്രൈബൽ മേഖലകളിലുള്ള വിദ്യാർത്ഥികൾക്ക് മാത്രമായി കൂടുതൽ മെച്ചമായ രീതിയിൽ കായിക പരിശീലനം ലഭ്യമാക്കുന്നതിന് നിലവിൽ പദ്ധതികളൊന്നും നിലവിലില്ല.**<br><br>**കൂടാതെ പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ അരുവിക്കര മണ്ഡലത്തിൽ വിവിധ സ്കൂളുകളിൽ കായിക നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അത്‌ലറ്റിക്സ്, ഖോ ഖോ, കബഡി, ത്രോബോൾ, സോഫ്റ്റ്ബോൾ, ജൂഡോ, ബാഡ്മിന്റൺ, ക്രിക്കറ്റ്, ഫുട്ബോൾ മറ്റ് കായിക പരിശീലനങ്ങളും ലഭ്യമാക്കി വരുന്നുണ്ട്.** |
| (ബി) | ജി.വി.രാജ സ്പോർട്സ് സ്കൂൾ വികസനവുമായി ബന്ധപ്പെട്ട് ഈ വർഷം നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ, ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികളുടെ നിർമാണ പുരോഗതി എന്നിവ സംബന്ധിച്ച് വ്യക്തമാക്കാമോ? | (ബി) | **ജി.വി. രാജ സ്പോർട്സ് സ്കൂൾ വികസനവുമായി ബന്ധപ്പെട്ട് ഫുട്ബോൾ ഗ്രൗണ്ടിന് സമീപം നിലവിലുള്ള കാലഹരണപ്പെട്ട ടോയ്‌ലെറ്റ് പൊളിച്ച് മാറ്റി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ടോയ്‌ലെറ്റും ചെയിഞ്ചിംഗ് റൂം സൗകര്യം. ക്യാമ്പസിന് ചുറ്റുമുള്ള ഇന്റേണൽ റോഡിന്റെ അറ്റകുറ്റപ്പണികളും, സൗന്ദര്യവത്കരണ** |

| | | | | |
|---|---|---|---|---|
| | | | | പ്രവൃത്തികളും, പെൺകുട്ടികളുടെ ഹോസ്റ്റലിലെ ചോർച്ച തടയുന്നതിനായുള്ള ഷീറ്റ് റൂഫിംഗ് പ്രവൃത്തി, പെൺകുട്ടികളുടെ ഹോസ്റ്റലിലുള്ള കിച്ചണിന്റെ നവീകരണ പ്രവർത്തികൾ, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പ്രത്യേകം പ്രത്യേകം മലിനജല ശുദ്ധീകരണ പ്ലാൻറ്, ടോയ്‌ലെറ്റ് സംവിധാനത്തോടു കൂടിയുള്ള സെക്യൂരിറ്റി ക്യാബിൻ, എടിഎം കൗണ്ടർ, സൈനേജ് ബോർഡ് എന്നിവയുടെ നിർമ്മാണം, ഇൻഡോർ<br><br>സ്റ്റേഡിയത്തിലെ ഒരു റൂം സ്റ്റോർ റൂമാക്കി മാറ്റുന്ന പ്രവൃത്തി, ജിംനേഷ്യത്തിൽ ഫിസിയോതെറാപ്പി, ആയുർവേദിക് മെഡിസിൻ, മസാജ് സെൻറർ എന്നിവ നിർമ്മിക്കുന്ന പ്രവൃത്തി, അരുവിക്കരയിലെ വെള്ളം ശുദ്ധീകരിച്ച് സംഭരിക്കുന്നതിനും, മഴവെള്ളം സംഭരിക്കുന്നതിനും മറ്റുമായി ഫിൽട്ടറോടുകൂടിയ വാട്ടർ ടാങ്കിന്റെ നിർമ്മാണം, ഗേൾസ് ഹോസ്റ്റലിന്റെയും, ബോയ്സ് ഹോസ്റ്റലിന്റെയും അറ്റകുറ്റപ്പണികൾ, ശാശ്വതമായുള്ള മാലിന്യ സംസ്കരണ സംവിധാനം എന്നിവയാണ് ഈ വർഷം നടത്താനുദ്ദേശിക്കുന്നത്.<br><br>നിലവിൽ നടന്നുവരുന്ന ഒന്നാം നിലയിലെ ജിംനേഷ്യത്തിന്റെ ഇൻറീരിയർ പ്രവൃത്തികൾ 85% പൂർത്തിയായിട്ടുണ്ട്. ഹോക്കി സ്റ്റേഡിയത്തിലെ അഡീഷണൽ പ്രവൃത്തികൾ 30% പൂർത്തിയായിട്ടുണ്ട്. ഗേൾസ് ഹോസ്റ്റലിനടുത്തുള്ള ബാസ്കറ്റ് ബോൾ കോർട്ടിന്റെ പ്രീ എഞ്ചിനീയേർഡ് പ്രവൃത്തി 15% പൂർത്തിയായിട്ടുണ്ട്.<br><br>കൂടാതെ ജി.വി.രാജാ സ്പോർട്സ് സ്കൂൾ വികസനവുമായി ബന്ധപ്പെട്ട് ഈ വർഷം നടത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>• ഇതിഹാസ നായകരോടൊപ്പം അനുഭവം പങ്കുവയ്ക്കൽ<br>• ജൂഡോ, ബോക്സിംഗ് പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്<br>• മികച്ച വിദ്യാർത്ഥികൾക്കും അവരുടെ പരിശീലകർക്കും ക്യാഷ് അവാർഡ് പദ്ധതികൾ<br>• നാഷണൽ ടൂർണമെന്റുകളുടെ നടത്തിപ്പ്<br>• കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം സെന്റർ ഓഫ് എക്സലൻസ് പ്രോഗ്രാമിന്റെയും സ്ഥാപനം<br>• മെഡിക്കൽ ഇൻഷുറൻസ് പദ്ധതി |

സെക്ഷൻ ഓഫീസർ